# സംസ്കൃത നാടകപ്രസ്ഥാനവും കാളിദാസനും

## എൻ. വി. കൃഷ്ണവാരിയർ

സംസ്കൃതത്തിൽ നാടകപ്രസ്ഥാനം ആരംഭിച്ചത് എന്നാണെന്നോ, അതിന്റെ ഉപജ്ഞാതാവ് ആരാണെന്നോ അറിഞ്ഞുകൂട. ആദികവിയെന്ന ബഹുമതി വാല്മീകിയ്ക്കും ആദികാവ്യമെന്ന ബഹുമതി രാമായണത്തിനും നൽകിപ്പോരുന്ന ഭാരതീയ പാരമ്പര്യം ആദിനാടകകൃത്തെന്ന ബിരുദം നൽകി ഒരു ഋഷിയേയും ആദരിച്ചിട്ടില്ല; ആദിനാടകമെന്നപേരിൽ ഒരു കൃതിയേയും കൊണ്ടാടിയിട്ടുമില്ല. നാടകത്തിന്റെ സ്വരൂപം, അതഭിനയിയ്ക്കേണ്ട രീതി എന്നിവയെപ്പറ്റി സമഗ്രമായി പ്രതിപാദിയ്ക്കുന്ന ഗ്രന്ഥങ്ങളിൽ ഏറ്റവും പ്രാചീനവും ആധികാരികവുമായ നാട്യശാസ്ത്രത്തിന്റെ കർത്താവ് ഭരതമുനിയാണ്. നാട്യമെന്ന ദൃശ്യവും ശ്രാവ്യവുമായ "ക്രീഡനീയകം" ആവിഷ്കരിച്ചത് മഹേന്ദ്രപ്രമുഖരായ ദേവന്മാരാൽ അഭ്യർത്ഥിതനായ സാക്ഷാൽ ബ്രഹ്മാവാണെന്നത്രേ നാട്യശാസ്ത്രത്തിൽ രേഖപ്പെടുത്തിയിട്ടുള്ള പാരമ്പര്യം. ഋഗ്വേദത്തിൽനിന്ന് പാഠ്യവും സാമവേദത്തിൽനിന്ന് ഗീതവും യജുർവ്വേദത്തിൽനിന്ന് അഭിനയവും അഥർവ്വവേദത്തിൽനിന്ന് രസവുമെടുത്തു നിർമ്മിച്ച നാട്യം പഞ്ചമവേദമെന്നപേരിൽ പ്രഖ്യാതിനേടി; അതിന്റേതായ ഇതിഹാസങ്ങളും അതിനുണ്ടായി.

### സ്വർഗ്ഗത്തിലെ നാടകം

വിവാഹം സ്വർഗ്ഗത്തിൽവെച്ചു നടക്കുന്നു എന്നു പറയാറുണ്ടല്ലോ. ആദ്യത്തെ നാടകാഭിനയവും സ്വർഗ്ഗത്തിൽ വെച്ചാണ് നടന്നതെന്നത്രേ ഭാരതീയരുടെ ഐതിഹ്യം. സ്വർഗ്ഗത്തിൽവെച്ച് അഭിനയിയ്ക്കപ്പെട്ട ഈ നാടകത്തിലെ കഥ, സമുചിതമായിത്തന്നെ ഒരു വിവാഹത്തെ കേന്ദ്രീകരിച്ചുള്ളതായിരുന്നു. ലക്ഷ്മീവിവാഹം ഉൾക്കൊള്ളുന്ന അമൃതമന്ഥനമായിരുന്നുവത്രേ ഈ ആദ്യനാടകത്തിന്റെ വിഷയം. കാളിദാസന്റെ വിക്രമോർവ്വശീയ നാടകത്തിലുള്ള ഒരു പ്രസ്താവമാണ് ഈ ഐതിഹ്യത്തിന്റെ പിന്നിലുള്ളത്. ഇന്ദ്രന്റെ ആഗ്രഹമനുസരിച്ചു ഭരതമുനി അഷ്ടരസാശ്രയവും ലളിതാഭിനയവുമായ ഒരു പ്രയോഗം—രൂപകവിശേഷം—നിർമ്മിച്ച്, ഉർവ്വശി മുതലായ അപ്സരസ്സുകളെക്കൊണ്ട് അഭിനയിപ്പിച്ചു. അതിലെ വചനഭാഗം സരസ്വതിയാണ് രചിച്ചത്. ലക്ഷ്മീസ്വയംവരമെന്ന ഈ നാടകത്തിൽ ലക്ഷ്മിയുടെ വേഷംധരിച്ചത് ഉർവ്വശിയും വാരുണിയുടെ രൂപം ധരിച്ചത് മേനകയുമായിരുന്നു. തനിക്ക് അനുരാഗം പുരുഷോത്തമനിൽ—വിഷ്ണുവിൽ—ആണെന്നു പറയേണ്ടതിന്റെ സ്ഥാനത്ത് "പുരൂരവസ്സി"ൽ എന്നാണ് ഉർവ്വശി പറഞ്ഞത്. ഉർവ്വശിയുടെ ഈ അനവധാനതയിൽ കോപിച്ച ഭരതൻ, അവരുടെ ദിവ്യത നഷ്ടപ്പെട്ടുമെന്നു ശപിച്ചു. പുരൂരവസ്സിന്റെ പട്ടമഹിഷിയായി ഭൂമിയിൽ വർത്തിയ്ക്കുവാൻ ഈ ശാപം ഉർവ്വശിയ്ക്കു ഉപകരിയ്ക്കുകയും ചെയ്തു: ഇതാണ് വിക്രമോർവ്വശീയത്തിലെ പ്രസ്താവം. സ്വന്തം നാടകത്തിന്റെ കഥ സുഘടിതമാക്കാൻ കാളിദാസൻ കെട്ടിച്ചമച്ച ഈ സംഭവമാണ് നാടകത്തിന്റെ സ്വർഗ്ഗീയ പ്രഭവത്തെപ്പറ്റിയുള്ള ഭാരതീയ പാരമ്പര്യത്തിനു നിദാനമെന്നു കാണാൻ വിഷമമില്ല.



ലേഖകൻ

വേദങ്ങളുമായി നാടകത്തിനുള്ള ബന്ധത്തെസ്സംബന്ധിച്ച നാട്യശാസ്ത്രപ്രസ്താവന മുമ്പ് സൂചിപ്പിച്ചുവല്ലോ. രണ്ടു കഥാപാത്രങ്ങൾ തമ്മിലുള്ള സംവാദത്തിന്റെ രൂപത്തിൽ പല ഭാഗങ്ങളും ഋഗ്വേദത്തിലുണ്ട്. കാളിദാസന്റെ നാടകങ്ങളിൽ ഒരു പക്ഷേ ആദ്യത്തേത് ആയിരുന്നിരിയ്ക്കാവുന്ന വിക്രമോർവ്വശീയത്തിലെ നായികയായ ഉർവ്വശിയും നായകനായ പുരൂരവസ്സും തമ്മിലുള്ള ഒരു വൈദികസംവാദം ഇക്കൂട്ടത്തിൽ എടുത്തു പറയത്തക്കതാണ്. യാഗാവസരങ്ങളിൽ ഇത്തരം സംവാദങ്ങൾ ഏറെക്കുറെ നാടകരൂപത്തിൽ അഭിനയിയ്ക്കപ്പെട്ടു വന്നിരിയ്ക്കാമെന്നും, അതിൽനിന്നാവാം ഭാരതീയനാടകത്തിന്റെ ഉൽപത്തിയെന്നും ചില പാശ്ചാത്യപണ്ഡിതന്മാർ അഭിപ്രായപ്പെട്ടിട്ടുള്ളതിൽ യുക്തിയില്ലായ്കയില്ല.

വ്യാകരണ സൂത്രകാരനായ പാണിനി നാടകങ്ങളെപ്പറ്റി ഒന്നും പറയുന്നില്ല; എന്നാൽ ശിലാലി, കൃശാശ്വൻ എന്നിവർ നിർമ്മിച്ച നടസൂത്രങ്ങളെപ്പറ്റി പ്രസ്താവിക്കുന്നുണ്ട്. ഈ നടസൂത്രങ്ങളുടെ വിഷയം എന്തായിരുന്നു എന്നു ഊഹിയ്ക്കുകയേ നിവൃത്തിയുള്ളു. പാണിനീയ സൂത്രങ്ങൾക്കു വിസ്തൃതമായ മഹാഭാഷ്യം നിർമ്മിച്ച പതഞ്ജലി കംസവധം, ബലിബന്ധനം എന്ന രണ്ടു നാടകങ്ങളെപ്പറ്റി പ്രസംഗവശാൽ സൂചിപ്പിച്ചിട്ടുണ്ട്. മൗര്യവംശം ക്ഷയിച്ച ശേഷം കുറെ കാലത്തേയ്ക്കു ഭാരതാധിപത്യം കൈയേറ്റ സുംഗവംശത്തിന്റെ സ്ഥാപകനായ പുഷ്യമിത്രന്റെ സമകാലികനായിരുന്നു പതഞ്ജലിയെന്നാണ് കരുതപ്പെടുന്നത്. പുഷ്യമിത്രന്റെ പുത്രനായ അഗ്നിമിത്രന്റെ പ്രണയങ്ങളെ വിഷയമാക്കി രചിയ്ക്കപ്പെട്ട "മാളവികാഗ്നിമിത്ര" മെന്ന നാടകത്തിൽ കാളിദാസൻ പുഷ്യമിത്രനെപ്പറ്റി പ്രസ്താവി

യ്ക്കുന്നുണ്ട്.

## ഭാസനും അശ്വഘോഷനും

"ഈ സദസ്സ് പഴയ കവികളുടെ പ്രയോഗബന്ധങ്ങൾ പല തവണ കണ്ടു കഴിഞ്ഞു. ഇന്നു ഞാൻ വിക്രമോർവ്വശീയമെന്ന അപൂർവ്വ നാടകം പ്രയോഗിയ്ക്കാൻ പോകയാണ്. നിങ്ങളുടെ അനുസേവകരായ ഞങ്ങളിലുള്ള ദാക്ഷിണ്യം കൊണ്ടല്ലെങ്കിൽ സൽകഥയെന്നും സൽപുരുഷ ചരിത്രമെന്നുമുള്ള ആദരം നിമിത്തമെങ്കിലും നിങ്ങൾ ശ്രദ്ധിച്ച് കാളിദാസന്റെ ഈ ക്രിയയെ കേട്ടുകൊണ്ടിരിക്കുക" എന്ന് വിക്രമോർവ്വശീയത്തിന്റെ പ്രസ്താവനയിൽ സൂത്രധാരൻ സദസ്യരോട് അഭ്യർത്ഥിക്കുന്നുണ്ട്. ഇവിടെ "പഴയകവികൾ" എന്നതുകൊണ്ടുദ്ദേശിച്ചിരിയ്ക്കുന്നത് പ്രഥിതയശസ്സുകളായ ഭാസൻ, സൌമില്ലൻ, കവിപുത്രൻ മുതലായവരെയാണെന്ന് മാളവികാഗ്നിമിത്രത്തിന്റെ പ്രസ്താവനയിൽ നിന്നു നാം മനസ്സിലാക്കുന്നു. ഇവരിൽ സൌമില്ലൻ, കവി പുത്രൻ എന്നിവരെപ്പററി നമുക്ക് ഒരു വിവരവുമില്ല. ഭാസന്റെ കൃതികൾ എന്ന പേരിൽ പ്രകാശിതങ്ങളായ രൂപകങ്ങളിൽ സ്വപ്നവാസവദത്ത, പ്രതിജ്ഞായൌഗന്ധരായണം തുടങ്ങിയ ചിലവയുടെയെങ്കിലും മൂലകർത്താവ് ഭാസൻ തന്നെയായിരിയ്ക്കണം. ഇന്നു നമുക്കു ലഭിച്ചിട്ടുള്ള രൂപത്തിലായിരുന്നിരിക്കയില്ല ഈ കൃതികൾ രചിയ്ക്കപ്പെട്ടത് എന്നത്രേ "മൃച്ഛകടിക"ത്തിന്റെ സംക്ഷേപ രൂപമായ "ചാരിദത്തം" നൽകുന്ന സൂചന. ഏതായാലും, കാളിദാസനു മുമ്പുണ്ടായിരുന്ന സംസ്കൃത നാടക കൃത്തുക്കൾ അധിവസിയ്ക്കുന്ന ഛായാ ലോകത്തിൽ, അല്പമെങ്കിലും ഭൌതികതയാർന്ന ഒരു ശരീരം ഭാസനു മാത്രമേയുള്ളു.

പിന്നെയൊരാളുള്ളത് അശ്വഘോഷനാണ്. അദ്ദേഹത്തിന്റെ "സാരിപുത്ര പ്രകരണം" എന്ന രൂപകത്തിന്റെ ഏതാനും ഏടുകൾ കണ്ടെടുക്കപ്പെട്ടിട്ടുണ്ട്. എന്നാൽ അശ്വഘോഷന്റെയും കാളിദാസന്റെയും മഹാകാവ്യങ്ങൾ തമ്മിലുള്ള ബന്ധം കാണിയ്ക്കുന്നത്, അശ്വഘോഷനേക്കാൾ പ്രാചീനനായിരുന്നു കാളിദാസൻ എന്നാണെന്ന കാര്യത്തിൽ മിയ്ക്ക ഭാരതീയ പണ്ഡിതന്മാരും ഏകാഭിപ്രായക്കാരാണ്.

## കാളിദാസൻ

ഇതാണ് നാടകകൃത്തെന്ന നിലയിൽ കാളിദാസന്റെ പാരമ്പര്യ പശ്ചാത്തലം. ഈ പശ്ചാത്തലത്തിന്നെതിരെ, വിക്രമോർവശീയം, മാളവികാഗ്നിമിത്രം, അഭിജ്ഞാന ശാകുന്തളം എന്നീ മൂന്നു നാടകങ്ങളും കൈയിലേന്തി കാളിദാസൻ നമ്മുടെ മുമ്പിൽ നില്ക്കുന്നു. നിയോഗപര്യനുയോഗാനർഹരായ ഋഷിമാരുടെ നില തന്നെയാണ് ഈ മഹാകവിയ്ക്കുമുള്ളത്. അദ്ദേഹത്തോട് അങ്ങോട്ടൊന്നും ചോദിയ്ക്കാൻ നമുക്കധികാരമില്ല. ചോദിച്ചാൽ അദ്ദേഹമൊരു മറുപടിയും തരുകയുമില്ല. അദ്ദേഹത്തെപ്പററിയുണ്ടായിരുന്നിരിയ്ക്കാവുന്ന ഓർമ്മകളാകട്ടെ, നാടോടിക്കഥകൾക്കും ആരാധനയ്ക്കും വളം നൽകി, എന്നേ തിരോഭവിച്ചു കഴിഞ്ഞു. നാടോടിക്കഥകൾ അദ്ദേഹത്തെ, കാളീപ്രസാദത്താൽ സർവജ്ഞത്വം നേടിയ ബുദ്ധിശൂന്യനായ അജപാലനായി ചിത്രീകരിക്കുന്നു. മന്ദനും കവിയശഃപ്രാർത്ഥിയും ആണുതാനെന്ന കവിപ്രസ്താവനയാകാം ഈ കഥകളുടെ കിഴങ്ങ്. തനിയ്ക്കും മഹാപണ്ഡിതനായും അതിസുന്ദരിയായ രാജകുമാരിയുടെ പ്രണയ ഭാജനമായും മാറാൻ കഴിയുമെന്ന വിശ്വാസം ഏതു കാലത്തുമുള്ള ഏതു വിഡ്ഢിയ്ക്കും അത്യന്തം ആഹ്ലാദകരമായിരിയ്ക്കുമെന്ന ഒരു സാമാന്യ വസ്തുത മാത്രമേ ഈ നാടോടിക്കഥകളിൽ നിന്നു നാം ഗ്രഹിയ്ക്കേണ്ടതായുള്ളു. ശതാബ്ദങ്ങളിലൂടെ ഭാരതീയർ ഈ മഹാകവിയ്ക്കു നൽകിവന്ന ആരാധനയാകട്ടെ, അദ്ദേഹത്തെപ്പററി ലഭിയ്ക്കാമായിരുന്ന വിവരങ്ങൾ കൂടി മാച്ചുകളയുന്നതിന്നും, അദ്ദേഹത്തിന്റെ യഥാർത്ഥ കൃതികൾക്കിടയ്ക്ക് വെറും ചവറുകളായ എത്രയോ കൃതികൾ കൂട്ടി തിരുകിക്കയററുന്നതിന്നും മാത്രമേ ഉപകരിച്ചിട്ടുള്ളു. നാടോടിക്കഥകളിൽ നിന്നും, പില്ക്കാലത്തെ ആരാധകർ നിർല്ലോഭമായി ചൊരിഞ്ഞ പ്രശംസകളിൽ നിന്നും, കാളിദാസന്റെ വ്യക്തിത്വത്തെപ്പററി നമുക്കു കിട്ടുന്ന വിശ്വാസ്യങ്ങളായ ചില സൂചനകൾ ഇവയാണ്. അദ്ദേഹം നാടക ത്രയത്തിന്റെയും കാവ്യത്രയത്തിന്റെയും കർത്താവായിരുന്നു; വിക്രമാദിത്യ ബിരുദമാർന്ന ഒരു രാജാവിന്റെ ആശ്രിതനും സുഹൃത്തുമായിരുന്നു; ഉജ്ജയിനിയിലാണ് ഏറെക്കാലം താമസിച്ചിരുന്നത്.

കാളിദാസന്റെ പേരെടുത്തു പറയുന്ന ആദ്യത്തെ ശിലാശാസനം ക്രിസ്ത്വവർഷം 634-ൽ എഴുതപ്പെട്ടതും ഐഹോളേ എന്ന സ്ഥലത്തുനിന്നു കണ്ടുകിട്ടിയതുമാകുന്നു. വത്സഭട്ടി രചിച്ചതും മാന്ദ്സോർ എന്ന സ്ഥലത്ത് ഒരു പാറയിൽ ക്രിസ്ത്വവർഷം 472-ൽ കൊത്തിയതുമായ ഒരു ശാസനത്തിൽ കാളിദാസപദ്യങ്ങളുടെ പ്രതിധ്വനികളെന്നു നിശ്ചിതമായി കരുതപ്പെടേണ്ട പദ്യങ്ങൾ കാണുന്നു. ഏഴാം ശതകത്തിൽ ജീവിച്ചിരുന്ന ബാണഭട്ടനും ആറാം ശതകത്തിൽ ജീവിച്ചിരുന്ന സുബന്ധുവും സ്വന്തം കൃതികളിൽ ഭക്ത്യാദരങ്ങളോടെ കാളിദാസനെ സ്മരിക്കുന്നുണ്ട്. ക്രിസ്തുവിന്നുമുമ്പ് 57-ാംമാണ്ടിൽ വിക്രമാബ്ദം സ്ഥാപിച്ച വിക്രമാദിത്യന്റെ സമകാലികനായിരുന്നു കാളിദാസനെന്നു വിശ്വസിയ്ക്കുന്നതിൽ പ്രകടമായ യാതൊരു അനൌചിത്യവുമില്ലതന്നെ.

അദ്വൈതവാദിയെങ്കിലും, ഉറച്ച ഒരു ശിവഭക്തനായിരുന്നു കാളിദാസൻ. ജ്യോതിഷം, വൈദ്യം, വ്യാകരണം സാംഖ്യദർശനം മുതലായ വിജ്ഞാനശാഖകളിൽ തനിയ്ക്കുള്ള പാണ്ഡിത്യം സ്വന്തം കൃതികളിൽ അദ്ദേഹം പ്രകടമാക്കിയിട്ടുണ്ട്. എങ്കിലും, ന്യായശാസ്ത്രത്തെപ്പററിയുള്ള സൂചനകൾ ശബ്ദഗുണമാണ് ആകാശമെന്നതൊഴിച്ചാൽ-അദ്ദേഹത്തിന്റെ കൃതികളിലില്ല. ഇക്കാര്യം അദ്ദേഹത്തിന്റെ പ്രാചീനതയ്ക്കു തെളിവായി ചിലർ എടുത്തുകാണിച്ചിട്ടുണ്ട്.

സമകാലിക വിജ്ഞാനത്തിലുള്ള പാണ്ഡിത്യംപോലെത്തന്നെ വിശാലമായിരുന്നു കാളിദാസന്റെ ലോകപരിചയവും. ഇന്ത്യയിൽ മുഴുവൻ അദ്ദേഹം സഞ്ചരിച്ചിരുന്നതിന്നു അദ്ദേഹത്തിന്റെ കൃതികളിൽ തെളിവുകളുണ്ട്. ഇന്ത്യയിലെ ഓരോ പ്രദേശവും, അവിടെയുള്ള ഭൂപ്രകൃതിയുടെ സവിശേഷതയും, ജനങ്ങളുടെ ആചാര്യ മര്യാദകളും അദ്ദേഹത്തിന്നു പരിചിതമായിരുന്നു. കേട്ടുകേൾവിയിൽ നിന്നല്ലാതെ നേരിട്ടുള്ള നിരീക്ഷണത്തിൽനിന്നാണ് അദ്ദേഹം തന്റെ

കൃതികളിലേയ്ക്കു വേണ്ട വിശദാംശങ്ങൾ സംഭരിച്ചിരുന്നത്. ഇന്ത്യയിലെ ഓരോ പർവ്വതവും ഓരോ നദിയും, നദീതീരങ്ങളിലുള്ള വനങ്ങളും അവയിലെ വൃക്ഷങ്ങളും മൃഗപക്ഷിജീവികളും അദ്ദേഹത്തിന്റെ കൃതികളിലൂടെ അനശ്വരത്വം നേടിയിരിക്കുന്നു. ഇന്ത്യയുടെ ഭൌഗോളികവും സാംസ്കാരികവുമായ ഐക്യത്തിന്റെ ഏററവും വലിയ വക്താവ് ഇന്നും കാളിദാസൻ തന്നെയാണെന്നത് ആശ്ചര്യകരമായ ഒരു വസ്തുതയാകുന്നു.

"അസ്ത്യുത്തരസ്യാം ദിശിദേവ താത്മാ
ഹിമാലയോ നാമനഗാധി രാജഃ"

എന്ന കാളിദാസന്റെ വരികൾ, അവ ഇതിനുമുമ്പൊരിക്കലും ആർജ്ജിച്ചിട്ടില്ലാതിരുന്ന വൈകാരികങ്ങളായ അന്തർധ്വനികളോടെ ഇന്ത്യക്കാരുടെയാകെ മനസ്സുകളിൽ, ചൈന ഇന്ത്യയുടെ അതിർത്തി ലംഘിച്ച കാലത്ത് മുഴങ്ങുകയുണ്ടായെന്നത് അടുത്തകാലത്തെ ഒരനുഭവമാണല്ലോ. ഹിമാലയമേഖലകളുടെ ഇത്രയും മനോഹരമായൊരു ചിത്രണം മററൊരു കവിയുടെ കൃതിയിലും നാം കാണുന്നില്ല. ഹിമാലയം മുതൽ സേതുവരെയുള്ള ഭാരതത്തിലെ ഓരോ പ്രദേശത്തോടും കാളിദാസനുണ്ടായിരുന്ന മമത്വം, അദ്ദേഹത്തിന്റെ കൃതികൾ വായിക്കുന്ന ഓരോ ഭാരതീയന്റെ ഹൃദയത്തിലും അറിയാതെ ഉറഞ്ഞുകൂടി; ഭാരതീയ ദേശീയബോധത്തിന് ഔജ്ജ്വല്യവും ദൃഢതയും വ്യക്തതയും നൽകുന്നു.

## വിക്രമോർവ്വശീയം

വിക്രമോർവ്വശീയം, മാളവികാഗ്നിമിത്രം, അഭിജ്ഞാനശാകുന്തളം എന്നിവയാണ് കാളിദാസന്റെ നാടകകൃതികളെന്നു മുമ്പ് പറഞ്ഞുവല്ലോ. ഋഗ്വേദത്തിലുള്ള ഒരു പ്രണയാഖ്യാനമാണ് വിക്രമോർവ്വശീയത്തിന്റെ കഥാ ബീജമെന്നും പ്രസ്താവിച്ചു. അഞ്ചങ്കങ്ങളുള്ള ഒരു നാടകമായി ഈ കഥാബീജത്തെ വളർത്തിയെടുക്കുന്നതിന് അപൂർവ്വ വസ്തുനിർമ്മാണ ക്ഷമമായ പ്രതിഭയെയാണ് കാളിദാസൻ ആശ്രയിച്ചിട്ടുള്ളത്. കുബേര പുരത്തിൽ നിന്ന് സഖിമാരോടൊന്നിച്ച് വരുകയായിരുന്ന ഉർവ്വശിയെന്ന ദിവ്യസുന്ദരിയെ കേശിയെന്ന അസുരൻ ബലാല്ക്കാരമായി അപഹരിച്ചു. സഖിമാരുടെ വിലാപത്തിൽനിന്ന് ഈ വസ്തുതയറിഞ്ഞ പുരൂരവസ്സെന്ന അർദ്ധദിവ്യനായ രാജാവ് അവളെ മോചിപ്പിച്ചു. ഭയം നിമിത്തം ബോധരഹിതയായ നിലയിലാണ് ഉർവ്വശി ഈ നാടകത്തിൽ ആദ്യമായി രംഗപ്രവേശംചെയ്യുന്നത്. നായിക ആദ്യമായി ഇങ്ങിനെ രംഗപ്രവേശം ചെയ്യുന്നത് വേണ്ടത്ര "സ്റ്റേജ് ഇഫെക്ട്" ഉണ്ടാക്കുകയില്ലെന്നനുഭവപ്പെട്ടതിനാലാവാം, തന്റെ അടുത്ത നാടകമായ മാളവികാഗ്നിമിത്രത്തിൽ, നൃത്തംചെയ്യുന്നവിധത്തിലാണ് നായികയെ ആദ്യമായി മഹാകവി രംഗത്ത് അവതരിപ്പിച്ചത്. നൃത്തം കൃത്രിമമാണല്ലോ. നൃത്തത്തേപ്പോലെ ലളിതവും അതേസമയം അകൃത്രിമവുമായ വൃക്ഷസേചനവ്യാപാരത്തിൽ ഏർപ്പെട്ടവിധത്തിൽ തന്റെ മൂന്നാമത്തെ കൃതിയിലെ നായികയെ രംഗവാസികൾക്കു പരിചയപ്പെടുത്തിക്കൊടുക്കുമ്പോഴേക്ക് കാളിദാസൻ നാടകരചനയുടെ മർമ്മങ്ങൾ മുഴുവൻ മനസ്സിലാക്കിക്കഴിഞ്ഞിരുന്നു.

പുരൂരവസ്സിന് ഉശീനരിയെന്ന ഒരു റാണി മുമ്പുതന്നെയുണ്ടായിരുന്നു. ഭാരതീയ സ്ത്രീകളിൽ മാത്രം കാണാവുന്ന ഉദാരതയോടെ അവൾ തന്റെ സ്ഥാനം പുതിയ കാമിനിയ്ക്ക് ഒഴിഞ്ഞുകൊടുത്തു. ആദ്യദർശനത്തിൽത്തന്നെ പരസ്പരം അനുരക്തരായിരുന്ന ഈ മിഥുനങ്ങളുടെ ദാമ്പത്യബന്ധത്തെ ഉർവ്വശിയുടെ സംരക്ഷകനും പുരൂരവസ്സിന്റെ സുഹൃത്തുമായ ദേവേന്ദ്രൻ അകമഴിഞ്ഞ് അനുവദിയ്ക്കുകയുംചെയ്തു. എന്നിട്ടും, നദിയുടെ പ്രവാഹത്തെ തടഞ്ഞ് അതിനു ശക്തികൂട്ടുന്ന പാറകൾപോലെ, ആകസ്മികമായുണ്ടായ ഒരു ശാപം ഈ കാമിനീകാമുകന്മാരുടെ അനുരാഗ ജീവിതത്തിനു പ്രതിബന്ധം സൃഷ്ടിച്ചു. ശാപം നിമിത്തം ഉർവ്വശി ഒരു ലതയായിത്തീർന്നു. അവളെ പിരിഞ്ഞിരിയ്ക്കേണ്ടി വന്നതിനാൽ പുരൂരവസ്സ് ഏറെക്കുറെ ഉന്മത്തനായിത്തീരുകയും ചെയ്തു. എന്നാൽ ഒടുവിൽ "സംഗമനീയം" എന്ന രത്നത്തിന്റെ പ്രഭാവത്താൽ അവർക്കു പുനസ്സമാഗമവും പുത്രലാഭവുമുണ്ടായി. സ്വന്തം പരാക്രമത്താലാണ് പുരൂരവസ്സ് ഉർവ്വശിയെ നേടിയത് എന്ന വസ്തുതയെയാണ് "വിക്രമോർവ്വശീയം" എന്ന ഗ്രന്ഥനാമം വ്യക്തമാക്കുന്നത്. ഈ ഗ്രന്ഥനാമത്തിലൂടെയും "വിക്രമ മഹിമ്നാവർദ്ധതാം ഭവാൻ" "അനുത്സേകഃ ഖലു വിക്രമാലങ്കാരഃ" എന്നീ വാക്യങ്ങളിലൂടെയും കാളിദാസൻ തന്റെ രക്ഷിതാവായ വിക്രമാദിത്യനു ആദരാഞ്ജലികളർപ്പിയ്ക്കുകയാണെന്നു കരുതപ്പെടുന്നു. ഇതിൽ കൂടുതൽ സ്പഷ്ടമായി തന്റെ സംഭാവകനെ പുകഴ്ത്തുവാൻ ആ മഹാ കവി തയ്യാറായിരുന്നില്ല.

ദിവ്യവും അർദ്ധദിവ്യവുമായ യൌവനങ്ങളുടെ ഉദ്ദാമങ്ങളായ പ്രണയ കേളികളാണ് വിക്രമോർവ്വശീയത്തിന്റെ വിഷയം. വിരഹത്തിന്റെ രണ്ടു രൂപങ്ങൾ—വിവാഹത്തിനു മുമ്പുള്ള അഭിലാഷവിപ്രലംഭവും വിവാഹത്തിനുശേഷമുള്ള ശാപവിപ്രലംഭവും—അതിലുണ്ട്. എങ്കിലും ശാരീരിക വാസനകളുടെ ഒരു തിളച്ചുമറിയലായാണ്, മനസ്സിനെ സംക്ഷുബ്ധവും അഭിലാഷങ്ങളെ ശാന്തങ്ങളുമാക്കുന്ന ഒരു ദിവ്യാനുഭൂതിയായല്ല ഇവിടെ വിപ്രലംഭം നിലകൊള്ളുന്നത്. "അവൾ ആഭരണത്തിന്റെ ആഭരണമാണ്; അലങ്കാരവിധിയ്ക്ക് ഒരു അലങ്കാരമത്രേ." എന്നു തുടങ്ങിയ സംയതങ്ങളായ വർണ്ണനകളുടെ കൂട്ടത്തിൽത്തന്നെ, വാചാലങ്ങളും വർണ്ണശബളങ്ങളുമായ വർണ്ണനകളും ഇതിൽ സുലഭമാണ്.

വിക്രമോർവ്വശീയത്തിന്റെ നാലാമങ്കത്തിൽ ഉന്മത്തപ്രായനായ പുരൂരവസ്സ് പ്രാകൃതത്തിലുള്ള പല ഗാനങ്ങളും ചൊല്ലുന്നതായും പലതരം നൃത്യങ്ങൾ ചെയ്യുന്നതായും കാണുന്നു. ഈ ഭാഗം ഇന്നും വേണ്ടപോലെ മനസ്സിലാക്കപ്പെട്ടിട്ടില്ല. പണ്ട് നാടകങ്ങൾ അഭിനയിച്ചിരുന്നത് ഇന്നു ചെയ്യുംപോലെ യഥാതഥാത്മകമായിട്ടായിരുന്നില്ല. പഴയ നാടകാഭിനയത്തിന്റെ ഏകദേശരൂപം കൂടിയാട്ടത്തിൽ കാണാം. നാടകകൃതികൾ രചിക്കപ്പെട്ടിരുന്നത് മുഖ്യമായും വായിച്ചു രസിയ്ക്കാനുള്ള സാഹിത്യകൃതികളെന്ന നിലയിലായിരുന്നു. അഥവാ ഓരോ നാടകത്തിനും രണ്ടു രൂപങ്ങളുണ്ടായിരുന്നു: സാഹിത്യപ്രധാനമായ രൂപവും അഭിനയപ്രധാനമായ രൂപവും. ഇവയിൽ സാഹിത്യപ്രധാനമായ രൂപം മാത്രമേ, മിയ്ക്ക നാടകങ്ങളുടെ കാര്യത്തിലും, നമുക്കുകിട്ടിയിട്ടുള്ളു. വിക്രമോർവ്വശീയത്തിലെ നാലാമങ്കമാകട്ടെ, അഭിനയപ്രധാനമായ രൂപത്തെക്കൂടി ഉൾക്കൊള്ളിച്ചുകൊണ്ടുള്ളതാണ്. അ

ത്തൊരു നടൻെറ കോപ്പിപോലെ തോന്നുന്നു.

## മാളവികാഗ്നിമിത്രം

കാളിദാസൻെറ രണ്ടാമത്തെ നാടകമായ മാളവികാഗ്നിമിത്രം തികച്ചും മനുഷ്യരായ വ്യക്തികളുടെ പ്രണയത്തെ ആസ്പദിച്ചുള്ളതാണ്. പുഷ്യമിത്രൻെറ പുത്രനും വിദിശാനഗരം രാജധാനിയാക്കി ഉത്തരാപഥംവാഴുന്ന രാജാവുമായ അഗ്നിമിത്രനാണിതിലെ നായകൻ. ധാരിണിയെന്ന പട്ടമഹിഷിയുടെ പുറമെ, ഇരാവതിയെന്ന നർത്തകികൂടി ഇദ്ദേഹത്തിന്നു ഭാര്യയായുണ്ട്. മകനാണെങ്കിൽ പ്രായമായിരിക്കുന്നു. ഈ ഘട്ടത്തിൽ, മാളവരാജകുമാരിയായ മാളവിക, പല ആപത്തുകളിലും അകപ്പെട്ട്, അജ്ഞാതയായി അദ്ദേഹത്തിൻെറ അന്തഃപുരത്തിലെത്തുന്നു. കാണേണ്ടതാമസം, അവർ പരസ്പരം പ്രണയബദ്ധരായി. ധാരിണിയും ഇരാവതിയും ഉണ്ടാക്കിത്തീർത്ത പ്രതിബന്ധങ്ങൾ നീക്കി ആർക്കുമാർക്കും മുഷിച്ചിൽകൂടാതെ, ഈ പ്രണയികൾ വിവാഹത്താൽ പരസ്പരം ബന്ധിക്കപ്പെടുന്നു. അതിന്നിടയ്ക്ക്, രണ്ടു യുദ്ധങ്ങളും, പുഷ്യമിത്രൻെറ അശ്വമേധയാഗം മുതലായവയും കഥാഗാത്രത്തിലിണങ്ങിച്ചേരുന്നുണ്ട്. നൃത്തം, സംഗീതം, ചിത്രകല മുതലായവയെപ്പററിയുള്ള പ്രസ്താവങ്ങൾ ഈ നാടകത്തിന്നു ഭംഗിചേർക്കുന്നു. ഇവിടെയും നാം കാണുന്നത് മാംസനിബദ്ധമായ രാഗമാണ്. നാട്ടുവൻെറ അഭിലാഷമെങ്ങിനെയോ അങ്ങിനെ സൃഷ്ടിക്കപ്പെട്ട ശരീരത്തോടുകൂടിയ ഭാഗ്യഹീനയായ മാളവികയും, നൃത്തം കഴിഞ്ഞ് എളിയിൽ കൈവെച്ചുകൊണ്ടുള്ള അവളുടെ നില്പും, വായനക്കാരൻെറ മനസ്സിൽ, കാര്യമൊന്നുമില്ലാതെ തന്നെ, ഏറെക്കാലം മായാതെകിടക്കും.

## ശാകുന്തളം

നാടകകൃത്തെന്ന നിലയിൽ കാളിദാസൻെറ യശസ്സിന്ന് പ്രധാന കാരണമായിട്ടുള്ളത് അഭിജ്ഞാനശാകുന്തളമാകുന്നു. പാശ്ചാത്യരും പൌരസ്ത്യരുമായ എല്ലാ കവികളും ഈ നാടകത്തെ മുക്തകണ്ഠം വാഴ്ത്തിയിട്ടുണ്ട്. പഴയ ക്ഷേത്രങ്ങളിലെ കൂത്തമ്പലങ്ങളിലും രാജസദസ്സുകളിലുമെന്നപോലെ ഇന്നത്തെ സിനിമയിലും ടെലിവിഷനിലും ഈ നാടകം അതിൻെറ ഏകരൂപമായ വശീകരണശക്തി പുലത്തിപ്പോരുന്നു. ഭൂമിയിൽനിന്നു സ്വർഗ്ഗത്തിലേയ്ക്കും ഭോഗത്തിൽനിന്നു ത്യാഗത്തിലേയ്ക്കുമുള്ള ഒരു പാലമായി ഈ നാടകം എന്നെന്നും നിലനില്ക്കാതിരിക്കയില്ല. ഇതിലെ പ്രേമം മനുഷ്യശരീരത്തിൻെറ ദിവ്യദാഹമായാരംഭിച്ച്, ത്യാഗസുരഭിലമായ ഒരു ശുദ്ധീകരണാനുഭൂതിയായി പരിണമിയ്ക്കുന്നു. നിത്യമാനുഷികമാണ് ഇതിലെ വിഷയം. തപോവനത്തിൻെറ വിശുദ്ധിയും രാജമന്ദിരത്തിൻെറ നയകൌടില്യവും പ്രകൃതിയുടെ മനോഹാരിതയും, മനുഷ്യൻെറ നിസ്സഹായതയും, എല്ലാം ശാകുന്തളത്തിലുണ്ട്. സംയത സുന്ദരവും വ്യംഗ്യഗംഭീരവുമായ ശൈലിയിലാണ് ഇതെല്ലാം കാളിദാസൻ ആവിഷ്കരിച്ചിട്ടുള്ളത്. ഓരോ പദവും ഇതിൽ സ്ഥാനസ്ഥിതമാണ്; ഓരോ പദത്തിനുമുണ്ട് സ്വന്തമായ ഒരു പാരമ്പര്യത്തിൻെറ സവിശേഷ സുഗന്ധം.




(ശുദ്ധ വെളിച്ചെണ്ണ) (കലർപ്പില്ലാത്ത എള്ളെണ്ണ) (മേത്തരം നന്നാറിസർവ്വത്ത്—സർക്ക—പനിനീർ)

24, 12, 6 ഔൺസ് സീൽചെയ്ത വെള്ളക്കുപ്പികളിൽ ലഭിക്കുന്നു.

**Kerala's**

**OIL AND INDUSTRIES.**

WEST HILL • CALICUT-5.

( *Phone: 2537; 3635; 3195* )